പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3977

21.06.2019 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിന്റെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ബാബു | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | എ) | കൺസ്യൂമർഫെഡിന്റെ പുരോഗതിക്കായി പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണ നിർവ്വഹണത്തിനായി 25.07.2016-ൽ നിയമിച്ചു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകി. ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. ലാഭകരമല്ലെന്ന് കണ്ടെത്തിയ നന്മ സ്റ്റോറുകൾ നിർത്തലാക്കി. അധികമായി നിയമിക്കപ്പെട്ട താല്ക്കാലിക ജീവനക്കാരെ ഒഴിവാക്കി ബാക്കി ഉള്ളവരെ പുനർവിന്യസിച്ചു. പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയില്ലെന്ന് ബോധ്യപ്പെട്ട 33 ത്രിവേണി സൂപ്പർ മാർക്കറ്റുകളും 83 മൊബൈൽ ത്രിവേണികളും അനാവശ്യമായി വാടകയ്ക്കെടുത്തിരുന്ന 9 ഗോഡൗണുകളും നിർത്തലാക്കി. കെട്ടിക്കിടന്ന സാധനങ്ങൾ പരസ്യ ലേലം വഴി വിൽപ്പന നടത്തി ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ നടപടി ക്രമങ്ങൾ പാലിച്ച് ലേലം ചെയ്തു. വിതരണക്കാർക്ക് നൽകുവാനു ണ്ടായിരുന്ന തുക നെഗോസിയേഷൻ വഴി വൺ ടൈം സെറ്റിൽമെന്റായി നൽകി. വിതരണക്കാരുടെ സഹകരണം ഉറപ്പു വരുത്തി ഫെഡറേഷന്റെ പ്രവർത്തനം പുരോഗതിയിലേക്ക് എത്തിക്കുന്നതിന് സാധിച്ചു. ഈ സർക്കാർ അധികാരമേറ്റ ശേഷം 154.9132 കോടി രൂപ 2018-19 സാമ്പത്തിക വർഷം വരെ അനുവദിച്ചു നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം രൂപ ഓഹരിയായും 5.80 ലക്ഷം രൂപ വായ്പയായും ഫെഡറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ റംസാൻ, ഓണം, ക്രിസ്തുമസ്/പുതുവത്സരം എന്നീ വിപണികൾക്കായി ഫൈനൽ ക്ലെയിം പ്രകാരം നൽകുവാനുള്ള |

| | | | |
|---|---|---|---|
| | | | 10,15,95,585/- രൂപ നടപ്പ സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് നിലവിലുള്ളത്. |
| ബി) | കൺസ്യൂമർ ഫെഡിന്റെ എത്ര പുതിയ സ്ഥാപനങ്ങൾ ഈ കാലയളവിൽ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിന്റെ കീഴിൽ 9 ത്രിവേണി സ്റ്റോറുകൾ, 1 ഗോഡൗൺ, 6 ഇ-ത്രിവേണി, 2 നീതി മെഡിക്കൽ സ്റ്റോർ, 5 നീതി മെഡിക്കൽ വെയർഹൗസ് എന്നിവ ഉൾപ്പെടെ 23 സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | ത്രിവേണി | ഗോഡൗൺ | ഇ.ത്രിവേണി | നീതി മെഡിക്കൽ സ്റ്റോർ | നീതി മെഡിസിൻ വെയർ ഹൗസ് |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | പൗഡിക്കോണം | | | | |
| 2 | ആലപ്പുഴ | പറവൂർ | | | അമ്പലപ്പുഴ | |
| 3 | പത്തനംതിട്ട | | കോസ്മെറ്റിക് ഗോഡൗൺ ഓമല്ലൂർ | അടൂർ കോന്നി തിരുവല്ല | കോഴഞ്ചേരി | പത്തനംതിട്ട |
| 4 | കോട്ടയം | ഈരാറ്റുപേട്ട | | കോട്ടയം | | കോട്ടയം |
| 5 | ഇടുക്കി | ഇരുമ്പുപാലം | | തൊടുപുഴ | | |
| 6 | എറണാകുളം | പേപ്പതി, പെരുമ്പാവൂർ, നോർത്ത് പറവൂർ, നെല്ലിക്കുഴി | | | | |
| 7 | തൃശ്ശൂർ | | | തൃശ്ശൂർ | | |
| 8 | പാലക്കാട് | | | | | പാലക്കാട് |
| 9 | മലപ്പുറം | | | | | മലപ്പുറം |
| 10 | കോഴിക്കോട് | ചക്കിട്ടപാറ | | | | |
| 11 | കാസർഗോഡ് | | | | | കാസർഗോഡ |